പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ.*234

17.06.2019 -ലെ മറുപടിയ്ക്ക്

## തൊഴിൽ നിയമങ്ങളിലെ ഭേദഗതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ തൊഴിൽ നിയമങ്ങളിൽ തൊഴിലാളികൾക്ക് അനുകൂലമായി എന്തെല്ലാം ഭേദഗതികളാണ് വരുത്തിയതെന്ന് വിശദമാക്കുമോ; | എ) മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടും, പിഴ തുക 500/- രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി ഉയർത്തിക്കൊണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ടി വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അധികാരം കൂടി നൽകിയിട്ടുണ്ട്.<br>2018 ലെ കേരള ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമഭേദഗതി വകുപ്പ് 21(ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം ഏർപ്പെടുത്തി നൽകിയിട്ടുണ്ട്. 2018-ലെ കേരള ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമ ഭേദഗതി സെക്ഷൻ 20(ii) പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കുന്നതിനും, ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും, അവരുടെ അന്തസ്സും സുരക്ഷയും സംരക്ഷിക്കുന്നതിനുമായി തൊഴിലുടമ. ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങളും ടി നിയമഭേദഗതി വ്യവസ്ഥ ചെയ്യുന്നു. വകുപ്പ് 29 പ്രകാരം കേരള ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമ പ്രകാരമുള്ള പിഴ ശിക്ഷ വകുപ്പ് 29(b),(c) പ്രകാരം 5,000/- രൂപയെന്നത് ഒരു ലക്ഷം രൂപയായും, 10,000/- രൂപയെന്നത് രണ്ട് ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.<br>ബോണ്ടഡ് ലേബർ നിയമം വകുപ്പ് 21 പ്രകാരം മജിസ്ട്രേറ്റിന് ഉണ്ടായിരുന്ന അധികാരം എല്ലാ ജില്ലകളിലെയും ജില്ലാ കളക്ടർമാർക്ക് കൂടി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

ബി) മിനിമം വേതന നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് ഈ സർക്കാർ വരുത്തിയതെന്നും പുതുതായി ഏതെങ്കിലും വിഭാഗങ്ങളെ മിനിമം വേതന നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

ബി) മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടും, നിലവിലെ ടി നിയമപ്രകാരമുള്ള പിഴ തുക 500/- രൂപയിൽ നിന്ന് ഒരുലക്ഷം രൂപയാക്കി ഉയർത്തിക്കൊണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ടി വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അധികാരം കൂടി നൽകിയിട്ടുണ്ട്.

എംപ്ലോയ്മെന്റ് ഇൻ കേബിൾ ടെലിവിഷൻ നെറ്റ് വർക്കിനെയും, എംപ്ലോയ്മെന്റ് ഇൻ സ്മാൾ പ്ലാന്റേഷൻസ് (കാർഡമം ആന്റ് റബ്ബർ) നെയും, എംപ്ലോയ്മെന്റ് ഇൻ മീഡിയാ സെക്ടറിനെയും മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ പുതുതായി ഉൾപ്പെടുത്തി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സി) 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിൽ വരുത്തിയ ഭേദഗതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിൽ തൊഴിലാളികളുടെ നിർവ്വചനത്തിൽ സെയിൽസ് പ്രൊമോഷൻ തൊഴിലാളികളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വ്യവസായ തൊഴിൽ തർക്ക നിയമത്തിലെ വകുപ്പ് 2(എസ്) ഭേദഗതി ചെയ്തിട്ടുണ്ട്. വ്യവസായ തൊഴിൽ തർക്ക നിയമപ്രകാരം സർക്കാരിലേക്ക് അയയ്ക്കുന്ന റിപ്പോർട്ടുകളോ അവാർഡുകളോ തപാൽ മുഖേനയോ കൊറിയർ മുഖേനയോ ഈ-മെയിൽ മുഖേനയോ അയയ്ക്കാവുന്നതാണെന്ന തരത്തിൽ വ്യവസായ തൊഴിൽ തർക്ക ചട്ടത്തിലെ ചട്ടം 26 A - യിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

ഡി) കേരളാ ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ വരുത്തിയ ഭേദഗതി തൊഴിലാളികൾക്ക് എത്രത്തോളം ഗുണകരമായെന്ന് വ്യക്തമാക്കുമോ;

ഡി) ജോലിക്കിടയിൽ ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം ഏർപ്പെടുത്തിയ ഭേദഗതിയിലൂടെ ജീവനക്കാർ സ്ഥിരമായി നിന്നുകൊണ്ടു ജോലി ചെയ്യുന്നതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമായിട്ടുണ്ട്. പ്രസ്തുത ഭേദഗതി നടപ്പിലാക്കുന്നത് ഉറപ്പു വരുത്തുന്നതിനായി തൊഴിലുടമകൾക്കും തൊഴിലാളികൾക്കും വേണ്ട നിർദ്ദേശങ്ങൾ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നൽകി വരുന്നു.

(ഇ) ഇത്തരം തൊഴിൽ നിയമ ഭേദഗതികളെക്കുറിച്ച് തൊഴിലാളികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ?

ഇ) തൊഴിൽ നിയമഭേദഗതികളെക്കുറിച്ച് തൊഴിലാളികൾക്കും തൊഴിലുടമകൾക്കും സ്ഥാപന പരിശോധന വേളകളിൽ ആവശ്യമായ ബോധവത്ക്കരണം നൽകുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്.

Sreekala

**സെക്ഷൻ ഓഫീസർ**